പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]

2019 ജൂൺ 25-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI
## (വിദ്യാഭ്യാസം)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**
**(2018-19)-ലെ ശിപാർശകളിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

654/2019.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

സബ്ജക്റ്റ് കമ്മിറ്റി VI

(വിദ്യാഭ്യാസം)
(2019-2021)

ഘടന*

<u>ചെയർമാൻ:</u>

പ്രൊഫ. സി. രവീന്ദ്രനാഥ്,

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ:</u>

ഡോ. കെ. ടി. ജലീൽ,

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി,

ശ്രീ. എ. കെ. ബാലൻ,

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. സ്വരാജ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

---

* 2019 ജനുവരി 7 -ലെ ബുള്ളറ്റിൻ -ഭാഗം 2 നമ്പർ 598 പ്രകാരം സമിതി രൂപീകൃതമായി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19) 26-2-2018-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും സമിതിക്ക് നാളിതുവരെ ലഭിച്ച നടപടി പത്രികകൾ സമിതി (2016-2018) 31-10-2018-ലെ യോഗത്തിലും സമിതി (2019-2021) 8-5-2019, 20-6-2019 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിലും അംഗീകരിച്ചു.

രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ അദ്ധ്യായം I-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19)-ലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അദ്ധ്യായം II-ൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു.

2019 ജൂൺ 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ്,

*അദ്ധ്യക്ഷൻ,*

*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2019 ജൂൺ 20.

# റിപ്പോർട്ട്

## അദ്ധ്യായം I

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19)-ലെ ശിപാർശകളും അവയിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി പത്രികകളും

## പൊതുവിദ്യാഭ്യാസ വകുപ്പ്

### ശിപാർശ (ഖണ്ഡിക 1)

2202-01-102-99-04(1)—ടീച്ചിംഗ് ഗ്രാന്റ്- യാത്രാചെലവുകൾ-യാത്രാബത്ത

എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

### ശിപാർശ (ഖണ്ഡിക 2)

2202-01-102-98—സംരക്ഷണ സഹായം

സംരക്ഷണ സഹായം ഗണ്യമായി വർദ്ധിച്ചതിനാൽ പുതുക്കിയ നിരക്കനുസരിച്ച് വിതരണം ചെയ്യുന്നതിനായി എയ്ഡഡ് പ്രൈമറി സ്കൂളുകൾക്ക് 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി സിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

654/2019.

ശിപാർശ (ഖണ്ഡിക 3)

2202-01-102-95—ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ യൂണിഫോം വിതരണം

ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിക്കാത്തതിനാൽ 90 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ട തുക അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ, ടി ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 40.26 കോടി രൂപയും, റീ-അപ്രോപ്രിയേഷൻ മുഖേന 19 കോടി രൂപയും വകമാറ്റി ചെലവഴിക്കുന്നതിനും പ്രസ്തുത സാമ്പത്തിക വർഷത്തിൽ അനുമതി നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 4)

2202-01-102-93—പി.റ്റി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള ധനസഹായം

പി.റ്റി.എ.യുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപികമാർക്കും ആയമാർക്കും നിലവിലെ നിരക്കിൽ ഓണറേറിയം വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക ശീർഷകമാറ്റത്തെ തുടർന്ന് വിനിയോഗിക്കുവാൻ കഴിയാത്ത സ്ഥിതിയായതിനാൽ 2202-01-102-93-02-4 എന്ന ശീർഷകത്തിലേക്ക് മൊത്ത വിതരണത്തിനായി ₹ 47.18 കോടി അനുവദിക്കുകയുണ്ടായി. എന്നാൽ സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 5)

2202-01-104-99—പരിശോധന

സംസ്ഥാനത്തെ എ.ഇ.ഒ. ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് എന്നിവയും ഓഫീസുകളിലെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഇവയ്ക്കായി 26 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ, പ്രസ്തുത ശീർഷകത്തിൽ വെള്ളക്കരം യിനത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 50,000 രൂപയും, റീ-അപ്രോപ്രിയേഷൻ മുഖേന പ്രസ്തുതയിനത്തിൽ (വെള്ളക്കരം) 2 ലക്ഷം രൂപയും, വൈദ്യുതി ചാർജ്ജിനത്തിൽ റീ-അപ്രോപ്രിയേഷൻ മുഖേന 2 ലക്ഷം രൂപയും വകമാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 6)

2202-01-111-97—സർവ്വശിക്ഷാ അഭിയാന്റെ ഭരണപരമായ ചെലവുകൾക്കുള്ള സംസ്ഥാന സഹായം

IED-യുടെ ഭാഗമായി സംസ്ഥാന സർക്കാർ നിയമിച്ചിട്ടുള്ള 408 റിസോഴ്സ് അദ്ധ്യാപകർക്ക് റെമ്യൂണറേഷൻ നൽകുന്നതിന് 12 കോടി രൂപയും അധ്യാപകർക്ക് ഗണിതം, ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ വിഷയങ്ങളിൽ കൂടുതൽ മികവ് ലഭിക്കുന്നതിന് യൂണിവേഴ്സിറ്റി, വിവിധ വിദഗ്ധ ഏജൻസികൾ എന്നിവ വഴി കോഴ്സുകൾ നൽകുന്നതിന് 5 കോടി രൂപയും ചേർത്ത് ആകെ 17 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 7)

2202-01-112-93-04(1)—പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം-യാത്രാ ചെലവുകൾ-യാത്രാബത്ത

ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഇതിനായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതി ആവശ്യപ്പെട്ട തുക അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ, പ്രസ്തുത ശീർഷകത്തിൽ റീ-അപ്രോപ്രിയേഷൻ മുഖേന 5 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കുന്നതിന് ടി സാമ്പത്തിക വർഷത്തിൽ അനുമതി നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 8)

2202-02-001-99-04—ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ-യാത്രാചെലവുകൾ

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ യാത്രാബത്ത, അവധി യാത്രാനുകൂല്യം എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഇവയ്ക്കായി 2 ലക്ഷം രൂപ വീതം ആകെ 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ റീ-അപ്രോപ്രിയേഷൻ മുഖേന യാത്രാബത്തയിനത്തിൽ 12 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കുന്നതിന് ടി സാമ്പത്തിക വർഷത്തിൽ അനുമതി നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 9)

2202-02-001-98-01(4)—മുഖ്യ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)-ശമ്പളം-മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്

സംസ്ഥാനത്തെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് കുടിശ്ശിക നൽകുന്നതിന് 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 10)

2202-02-001-94—ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കന്ററി എഡ്യുക്കേഷൻ (പ്ലസ് ടു)

ഹൗസിംഗ് ബോർഡിന്റെകീഴിലുള്ള കെട്ടിടത്തിലാണ് ഹയർ സെക്കന്ററി ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നത്. വാടക കുടിശ്ശികയിനത്തിൽ ഹൗസിംഗ് ബോർഡിന് നൽകുന്നതിനായി 1.18 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 11)

2202-02-101-99—ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ-പരിശോധന

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജീവനക്കാർക്ക് യാത്രാബത്ത ഇനത്തിലും ഓഫീസുകളിലെ ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ്, വാടക, കരം, നികുതി കുടിശ്ശിക എന്നിവ നൽകുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ട തുക അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ, പ്രസ്തുത ശീർഷകത്തിൽ ധനാഭ്യർത്ഥന മുഖേന ടെലഫോൺ ചാർജ്ജിനത്തിൽ 3 ലക്ഷം രൂപയും, റീ-അപ്രോപ്രിയേഷൻ മുഖേന വൈദ്യുതി ചാർജ്ജിനത്തിൽ 2 ലക്ഷം രൂപയും, വാടക, കരം ഇനത്തിൽ (റീ-അപ്രോപ്രിയേഷൻ മുഖേന) 4 ലക്ഷം രൂപയും വകമാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 12)

2202-02-105-95—വിദ്യാഭ്യാസ പരിപാടിയുടെ വികസനം

ഉന്നതവിദ്യാഭ്യാസ വകുപ്പിലെ പി.ജി. ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് പത്ത് ദിവസത്തെ കോമ്പ്രിഹെൻസീവ് ഹയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.26 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

40 ബാച്ചുകളിലായി 1600 അധ്യാപകർക്ക് പരിശീലനം നൽകുവാനാണ് ടി പദ്ധതി ആരംഭിച്ചത്. എന്നാൽ, പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മുഴുവൻ ബാച്ചുകളും നടത്തുവാൻ കഴിഞ്ഞില്ല. പ്രസ്തുത പശ്ചാത്തലത്തിൽ സമിതിയുടെ ശിപാർശയനുസരിച്ചുള്ള അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 13)

2202-02-109-99-04 (1)—സെക്കന്ററി സ്കൂളുകൾ യാത്രാചെലവുകൾ-യാത്രാബത്ത

സംസ്ഥാനത്തെ ഗവ. സെക്കന്ററി സ്കൂളുകളിലെ ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 14)

2202-02-109-63—സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമഗ്രമായ നവീകരണത്തിനുള്ള പദ്ധതി

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു. മിഷനിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. കൂടാതെ ഓഫീസ് സംബന്ധമായ മറ്റ് ചെലവുകൾക്ക് തുക അനുവദിച്ചിട്ടില്ല. ആയതിനാൽ 2.51 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ട തുക അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 130 ലക്ഷം രൂപ ടി ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 15)</u>

2202-02-110-99-04(1)—<u>ടീച്ചിംഗ് ഗ്രാന്റ്-യാത്രാചെലവുകൾ-യാത്രാബത്ത</u>

സംസ്ഥാനത്തെ എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപകരുടെയും ഇതര ജീവനക്കാരുടെയും യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 16)</u>

2202-02-110-98—<u>സംരക്ഷണം</u>

2018-19 വർഷത്തിലെ പുതുക്കിയ നിരക്കനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് ഹൈസ്കൂളുകൾക്ക് സംരക്ഷണ സഹായം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 17)

2202-02-110-92—ഗവൺമെന്റിതര സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഗ്രാന്റ്

സംസ്ഥാനത്തെ 32 ഗവൺമെന്റിതര അന്ധ, ബധിര, മൂക വിദ്യാലയങ്ങളിലെ കുട്ടികൾക്കുള്ള ബോർഡിംഗ് ഗ്രാന്റ് കുടിശ്ശിക നൽകുന്നതിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ റീ-അപ്രോപ്രിയേഷൻ മുഖേന ഗ്രാന്റിനത്തിൽ 75 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 18)

2202-04-103-98—കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (എൽ.ഇ.എ.പി., കേരള മിഷൻ)

പ്രേരക്മാർക്ക് ഓണറേറിയം വിതരണം ചെയ്യുന്നതിനായി 25.55 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ട തുക അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ടി ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 5 കോടി രൂപ 2018-19 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 19)

2202-80-004-91-36—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻറിസർച്ച് ആന്റ് ട്രെയിനിംഗ്-സഹായധനം-ശമ്പളേതരം

എസ്.സി.ഇ.ആർ.ടി. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, വ്യയ നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് പ്രസ്തുത ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 20)

4202-01-202-91—ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

സംസ്ഥാനത്തെ ഭൂരിപക്ഷം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്കും പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളില്ല. 100-ൽ അധികം സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ മതിയായ തുക ലഭ്യമല്ലാത്തതിനാൽ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് ഉണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിൽ 20% തുക കുറയ്ക്കേണ്ടിവന്ന സാഹചര്യത്തിൽ സമിതിയുടെ ശിപാർശയനുസരിച്ച് പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 21)

2235-02-101-99-34—ബധിര, മൂക, അന്ധ വിദ്യാലയങ്ങൾ-മറ്റ് ചെലവുകൾ

സംസ്ഥാനത്തെ 7 ഗവൺമെന്റ് ബധിര, മൂക, അന്ധ വിദ്യാലയങ്ങളിലെ മറ്റ് ചെലവുകൾ (ഡയറ്റ് ചാർജ്) ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

സർക്കാർ കത്ത് നമ്പർ 11-6-2019-ലെ 242073I/പി2/19/പൊ.വി.വ. ഖണ്ഡികകൾ 1-21, 20-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു.

# ഉന്നതവിദ്യാഭ്യാസ വകുപ്പ്

ശിപാർശ (ഖണ്ഡിക 22)

2202-03-001-96—കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും മേഖലാ ഓഫീസുകളുടെയും നവീകരണം

ഡയറക്ടറേറ്റിന്റെ ആവശ്യത്തിനായി കോൺഫറൻസ് ഹാൾ നവീകരണത്തിനും കമ്പ്യൂട്ടർ, ഇന്റർനെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തി ആധുനികവൽക്കരിക്കുന്നതിനുമായി 1.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 ബഡ്ജറ്റ് വിഹിതം പ്രഖ്യാപിച്ചപ്പോൾ 200 ലക്ഷം രൂപ മുഴുവനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും മേഖലാ ഓഫീസുകളുടെയും നവീകരണത്തിനായി 2202-03-001-96 എന്ന ശീർഷകത്തിൽ സർക്കാർ വകയിരുത്തിയതിനാൽ സമിതി ശിപാർശ ചെയ്ത അധികതുക സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നില്ല.

[സർക്കാർ കത്ത് നമ്പർ 27-5-2019-ലെ സി2/131/18/ഉ.വി.വ. നമ്പർ കത്ത്.]

20-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു.

ശിപാർശ (ഖണ്ഡിക 23)

2202-03-102-99—കേരള സർവ്വകലാശാല

അധ്യാപക അനധ്യാപക വിഭാഗത്തിൽ പുതിയ നിയമനങ്ങളിന്മേൽ സർവ്വകലാശാലയ്ക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കാൻ ടി ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയ സാഹചര്യത്തിൽ അധിക തുകയുള്ള ശിപാർശയിൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 24)

2202-03-102-98—കോഴിക്കോട് സർവ്വകലാശാല

ആവശ്യപ്പെട്ട തുകയിൽ നിന്നും അനുവദിച്ച തുകയിൽ വന്ന കുറവ് കാരണം പദ്ധതിയിനത്തിൽ 10.6 കോടി രൂപയും ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന്

സർക്കാർ നടപ്പിലാക്കിയ കരാർ/ദിവസ വേതന അടിസ്ഥാനത്തിലുള്ള ശമ്പള വർദ്ധനവ് നൽകുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 49.5 കോടി രൂപ പദ്ധതിയേതരയിനത്തിലും അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയ സാഹചര്യത്തിൽ അധിക തുകയുള്ള ശിപാർശയിൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 25)</u>

2202-03-102-97—<u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

വാർഷിക പദ്ധതി രേഖയിലുൾപ്പെടുത്തി വിഭാവന ചെയ്തിട്ടുള്ള വികസന ഗവേഷണ പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതിയിനത്തിൽ 7.94 കോടി രൂപയും ശമ്പളം, പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 64.92 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയ സാഹചര്യത്തിൽ അധിക തുകയുള്ള ശിപാർശയിൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 26)</u>

2202-03-102-93—<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

ഗസ്റ്റ് അധ്യാപകരുടേയും ദിവസവേതന ജോലിക്കാരുടേയും വേതനമുൾപ്പെടെ ശമ്പളവും അലവൻസുകളും, പെൻഷൻ ആനുകൂല്യങ്ങളും യു.ജി.സി. ശമ്പള പരിഷ്കരണവും, സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും, അധ്യാപകരുടെ കരിയർ ,അഡ്വാൻസ്മെന്റ് സ്കീം പ്രകാരമുള്ള പ്രമോഷനുകളും ആയതിന്റെ ശമ്പളകുടിശ്ശികയും, മറ്റ് ഓഫീസ് ചെലവുകളും നൽകേണ്ടതിനാൽ പദ്ധതിയേതരയിനത്തിൽ 49.3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയ സാഹചര്യത്തിൽ അധിക തുകയുള്ള ശിപാർശയിൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 27)

2202-03-102-92-31—കണ്ണൂർ സർവ്വകലാശാല

അനധ്യാപക തസ്തികകൾ സർക്കാരിൽ നിന്നും സർവ്വകലാശാലയ്ക്ക് അനുവദിക്കപ്പെടുന്നതിനാൽ 4.19 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയ സാഹചര്യത്തിൽ അധിക തുകയുള്ള ശിപാർശയിൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 28)

2202-03-102-72—തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

അധ്യാപക തസ്തികകൾ വർദ്ധിപ്പിച്ചതിനാലും അധ്യാപകരുടെ ശമ്പളത്തിലും അലവൻസുകളിലും വർദ്ധനവുണ്ടായതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1.92 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ.ഉ. (സാധാ.) നമ്പർ 380/2019/ഉ.വി.വ. തീയതി 8-3-2019 പ്രകാരം 50 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 18-6-2019-ലെ ബി1/188/2018/ഉ.വി.വ. നമ്പർ കത്ത്.]

ഖണ്ഡികകൾ 23-28, 20-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു.

ശിപാർശ (ഖണ്ഡിക 29)

2202-03-103-99—ആർട്സും സയൻസും കോളേജുകൾ

യു.ജി.സി. പദ്ധതി നടപ്പിലാക്കുമ്പോൾ അധ്യാപകർക്കുള്ള കുടിശ്ശിക നൽകുന്നതിനായി 55.96 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ സർക്കാർ കോളേജ് അധ്യാപകർക്ക് യു.ജി.സി. ആറാം പദ്ധതി പ്രകാരം Placement/Promotion നൽകുന്നതിന് സർക്കാർ ഉത്തരവ് G. O. (Ms.) No. 28/2019/HEDN dated 11-2-2019 പ്രകാരം അനുമതി നൽകുകയുണ്ടായി. കുടിശ്ശിക

2019-20 സാമ്പത്തിക വർഷം മുതൽ നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 30)</u>

2202-03-103-98—<u>സംസ്കൃത കോളേജുകൾ</u>

അധ്യാപകരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനായി 1.42 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ സർക്കാർ കോളേജ് അധ്യാപകർക്ക് യു.ജി.സി. ആറാം പദ്ധതി പ്രകാരം Placement/Promotion നൽകുന്നതിന് സർക്കാർ ഉത്തരവ് G.O. (Ms.) No. 28/2019/HEDN dated 11-2-2019 പ്രകാരം അനുമതി നൽകുകയുണ്ടായി. കുടിശ്ശിക 2019-20 സാമ്പത്തിക വർഷം മുതൽ നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 31)</u>

2202-03-103-93—<u>ട്രെയിനിംഗ് കോളേജുകൾ</u>

അധ്യാപകരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനായി 1.79 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ സർക്കാർ കോളേജ് അധ്യാപകർക്ക് യു.ജി.സി. ആറാം പദ്ധതി പ്രകാരം Placement/Promotion നൽകുന്നതിന് സർക്കാർ ഉത്തരവ് G.O. (Ms.) No. 28/2019/HEDN dated 11-2-2019 പ്രകാരം അനുമതി നൽകുകയുണ്ടായി. കുടിശ്ശിക 2019-20 സാമ്പത്തിക വർഷം മുതൽ നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

[സർക്കാർ കത്ത് നമ്പർ 20-6-2019-ലെ HEDN-C3/6/2019-HEDN നമ്പർ കത്ത്.]

ഖണ്ഡികകൾ 29-31, 20-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു

ശിപാർശ (ഖണ്ഡിക 32)

2202-03-103-92—തിരുവനന്തപുരം ലോ കോളേജ്

വിവിധ അക്കാഡമിക് പരിപാടികൾ, നവീകരണ പ്രവർത്തനങ്ങൾ ഇടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ 15 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, മറ്റ് അലവൻസുകൾ, റ്റി.എ., വെള്ളക്കരം, വൈദ്യുതി, ടെലഫോൺ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 8.73 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിലെ വാട്ടർ ചാർജ്ജ് തുക അടയ്ക്കുന്നതിന് 2202-03-103-92- ലോ കോളേജ്, തിരുവനന്തപുരം 05-1—വെള്ളക്കരം (നോൺ പ്ലാൻ) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 4,20,000 രൂപ അധികമായി additional authorization വഴി തുക അനുവദിച്ച്, 9-8-2018-ലെ G.O. (Rt.) No. 6785/2018/Fin. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിലെ വനിതാ ഹോസ്റ്റലിലെ നാല് പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരുടെ 2018-19 വർഷത്തെ വേതനം മാറുന്നതിലേക്കായി 8,23,000 രൂപ (എട്ട് ലക്ഷത്തി ഇരുപത്തി മൂവായിരം രൂപ മാത്രം) 2202-03-103-92-00—വേജസ് എന്ന ശീർഷകത്തിൽ അനുവദിച്ച് 6-6-2018-ലെ G.O. (Rt.) No. 4820/2018/Fin. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 33)

2202-03-103-90—എറണാകുളം ലോ കോളേജ്

എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ ജീവനക്കാരുടെ വേതനം, യാത്രാചെലവുകൾ, വെള്ളക്കരം, വൈദ്യുത ചെലവുകൾ, ടെലഫോൺ ചെലവുകൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 4.91 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ഒന്നും അനുവദിക്കേണ്ടതില്ലെന്ന എറണാകുളം ഗവൺമെന്റ് ലോ കോളേജ് പ്രിൻസിപ്പാളിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.

ശിപാർശ (ഖണ്ഡിക 34)

2202-03-103-89—കോഴിക്കോട് ലോ കോളേജ്

മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, വേതനം, യാത്രാചെലവുകൾ, വെള്ളക്കരം, ടെലഫോൺ ചെലവ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 2.36 ലക്ഷം രൂപയും മറ്റ് ചെലവുകൾക്കായി പദ്ധതിയിനത്തിൽ 42,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ അതിഥി അധ്യാപകരുടെ വേതനം നൽകുന്നതിന് 28-6-2018-ലെ G.O. (Rt.) No. 5480/2018/Fin. പ്രകാരം അധികമായി വേണ്ടി വരുന്ന ഇരുപത് ലക്ഷം രൂപ additional authorization വഴി അനുവദിച്ചിട്ടുണ്ട്.

സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതിയിൽ ഇനി അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.

[സർക്കാർ കത്ത് നമ്പർ 3-6-2019-ലെ സി1/114/2018-ഉ.വി.വ. പ്രകാരം ലഭ്യമായ 30, 32, 33, 34 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ 20-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക 35)

2202-03-103-85—തെരഞ്ഞെടുക്കപ്പെട്ട പ്രശസ്ത കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിനും വികസന പ്രവർത്തനങ്ങൾക്കും മാച്ചിംഗ് ഗ്രാന്റ്

കോളേജിൽ സി.ഡി.സി. ഫണ്ടായി കൂടുതൽ തുക ശേഖരിക്കുന്നത് കാരണം തത്തുല്യമായ തുക നൽകുന്നതിനുവേണ്ടി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരളത്തിലെ സർക്കാർ കോളേജുകളിൽ വിവിധ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ നിന്നും കോളേജ് വികസന സമിതി (CDC-College Development Committee) ഫണ്ട് ഇനത്തിൽ ശേഖരിക്കുന്ന തുകയ്ക്ക് തുല്യമായ തുകയാണ് മാച്ചിംഗ് ഗ്രാന്റായി അനുവദിക്കുന്നത്. പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് തീരുമാനമെടുക്കുന്നത് അതാത് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കോളേജ് വികസന സമിതി യോഗത്തിന്റെ (സി.ഡി.സി.) അടിസ്ഥാനത്തിലാണ്. 2018-19 സാമ്പത്തിക വർഷത്തിൽ 2202-03-103-85 ശീർഷകത്തിൽ 30 ലക്ഷം രൂപയായിരുന്നു ബഡ്ജറ്റ് വിഹിതം.

പ്രസ്തുത തുകയിൽ സി.ഡി.സി. കളക്ഷന്റെ അടിസ്ഥാനത്തിൽ വിവിധ കോളേജുകൾക്കായി ₹ 28,44,800 (ഇരുപത്തി എട്ട് ലക്ഷത്തി നാല്പത്തി നാലായിരത്തി എണ്ണൂറു രൂപ മാത്രം) അനുവദിച്ചിരുന്നു. പ്രസ്തുത തുക പൂർണ്ണമായി കോളേജുകൾ വിനിയോഗിച്ച് തീർക്കാത്തതിനാലാണ് സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരമുള്ള തുകയ്ക്ക് അപേക്ഷ സമർപ്പിക്കാതിരുന്നത് എന്ന വിവരം അറിയിക്കുന്നു.

[സർക്കാർ കത്ത് നമ്പർ എഫ് 2/185/2018/ഉ.വി.വ. തീയതി 28-2-2019]

8-5-2019-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.

ശിപാർശ (ഖണ്ഡിക 36)

2202-03-103-81—വിദ്യാഭ്യാസത്തിനായുള്ള ഉന്നതപഠന സ്ഥാപനവും അദ്ധ്യാപക പരിശീലനത്തിനുള്ള കോളേജുകളും

ട്രെയിനിംഗ് കോളേജുകൾക്ക് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയ സാഹചര്യത്തിൽ അധിക തുകയ്ക്കുള്ള ശിപാർശയിൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല.

[സർക്കാർ കത്ത് നമ്പർ 18-6-2019-ലെ ബി1/188/2018/ഉ.വി.വ. നമ്പർ കത്ത്.]

20-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു.

ശിപാർശ (ഖണ്ഡിക 37)

2202-03-103-76—സർക്കാർ കോളേജുകളിൽ ലബോറട്ടറികളുടെയും ലൈബ്രറികളുടെയും വികസനം

പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങിയതു കാരണം ലൈബ്രറികൾ, ലബോറട്ടറികൾ എന്നിവ നവീകരിക്കുന്നതിനും ഡിജിറ്റൽ ലൈബ്രറി സംവിധാനം, നെറ്റ് വർക്ക് സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനുമായി പദ്ധതിയിനത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 ബഡ്ജറ്റ് വിഹിതം പ്രഖ്യാപിച്ചപ്പോൾ 725 ലക്ഷം രൂപ മുഴുവനായി സർക്കാർ കോളേജുകളുടെ ലബോറട്ടറികളുടെയും ലാബുകളുടെയും വികസനത്തിനായി 2202-03-103-76 എന്ന ശീർഷകത്തിൽ സർക്കാർ വകയിരുത്തിയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക 38)

2202-03-103-75—കോളേജുകളിലെ അടിസ്ഥാന സൗകര്യവും നിലവാരവും ഉയർത്തൽ പരിപാടി (സി.ഐ.യു.പി.)

വിവിധ ആർട്സ് & സയൻസ് കോളേജുകളുടെ കെട്ടിടം, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ കാലോചിതമായി മെച്ചപ്പെടുത്തുന്നതിനായി 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 ബഡ്ജറ്റ് വിഹിതം പ്രഖ്യാപിച്ചപ്പോൾ 900 ലക്ഷം രൂപ സർക്കാർ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന വികസനത്തിനായി 2202-03-103-75 എന്ന ശീർഷകത്തിൽ സർക്കാർ വകയിരുത്തുകയുണ്ടായി. വിവിധ കോളേജുകളിലെ വിവിധ പദ്ധതികൾക്കായി കോളേജുകൾക്ക് അനുവദിച്ച് നൽകിയ 900 ലക്ഷം രൂപയിൽ 864.398 ലക്ഷം രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവാകാത്തതിനാൽ ടി പദ്ധതിക്കായി അധികമായി സമിതി ശിപാർശ ചെയ്ത 400 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക 39)

2202-03-103-74—കോളേജുകൾക്ക് നാഷണൽ അസസ്മെന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം (നാക്)

പുതിയ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനും നിലവിലുള്ള കോളേജുകളിൽ റീ-അക്രഡിറ്റേഷൻ ലഭിക്കുന്നതിനും കോളേജുകളെ സജ്ജമാക്കുന്നതിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ കോളേജുകൾക്ക് നാഷണൽ അസസ്മെന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിനായി വിവിധ കോളേജുകളിലെ വിവിധ പദ്ധതികൾക്കായി കോളേജുകൾക്ക് അനുവദിച്ച് നൽകിയ 400 ലക്ഷം രൂപയിൽ 303.219 ലക്ഷം രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവാകാത്തതിനാൽ ടി പദ്ധതിക്കായി അധികമായി സമിതി ശിപാർശ ചെയ്ത 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നില്ല.

[സർക്കാർ കത്ത് നമ്പർ 27-5-2019-ലെ സി2/131/18/ഉ.വി.വ. നമ്പർ കത്ത്]

ഖണ്ഡികകൾ 37, 38, 39, 20-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു.

ശിപാർശ (ഖണ്ഡിക 40)

2202-03-103-68—കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി (സി.ക്യു.ഐ.പി.)

പുതിയ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭിക്കുന്നതിന് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോളേജിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയിൽ (2202-03-103-68), 2018-19 സാമ്പത്തിക വർഷം 2 കോടി രൂപയാണ് അനുവദിച്ചിരുന്നത്. ആയതിൽ അനുവദിച്ച തുക വിവിധ കോളേജുകളുടെ വിവിധ പദ്ധതികൾക്കായി അനുവദിച്ചുകൊടുത്തിരുന്നു. നിലവിൽ ഈ ശീർഷകത്തിൽ അനുവദിച്ച 2 കോടി രൂപയിൽ 142.838 ലക്ഷം രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണമായും ചെലവാകാത്തതിനാൽ ടി പദ്ധതിക്കായി അധികമായി സമിതി ശിപാർശ ചെയ്ത 1 കോടി രൂപ ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക 42)

2202-03-103-55—പഠനയാത്ര

സർക്കാർ കോളേജുകളുടെ എണ്ണം കൂടിയതിനാലും പല വിഷയങ്ങളുടെയും ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് പഠന പദ്ധതിയിൽ പഠന യാത്ര ഉൾപ്പെടുത്തിയിട്ടുള്ളതിനാലും 8 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയുടെ ഭാഗമായ പഠന യാത്രക്കുള്ള ധനസഹായത്തിനായിരുന്നു 2202-03-103-55 എന്ന ശീർഷകത്തിൽ തുക അധികമായി ആവശ്യപ്പെട്ടിരുന്നത്. 2018-19 സാമ്പത്തികവർഷം പഠന യാത്രക്കായി ബഡ്ജറ്റിൽ 2202-03-103-55 എന്ന ശീർഷകത്തിൽ തുകകൾ ഒന്നും നീക്കിവെച്ചിരുന്നില്ല. എന്നാൽ 2202-03-800-60 എന്ന ശീർഷകത്തിലാണ് 2018-19 സാമ്പത്തിക വർഷം 73 ലക്ഷം രൂപ ആദ്യം അനുവദിച്ചിരുന്നത്.

2017-18 സാമ്പത്തികവർഷത്തിലെ ട്രഷറി ക്യൂ ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനായി 2202-03-103-55 എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാതിരുന്നതിനാൽ

28-5-2018-ലെ സർക്കാർ ഉത്തരവ് നമ്പർ G.O. (Rt.) 4554/2018/Fin. പ്രകാരം 2202-03-800-60 എന്ന ശീർഷകത്തിൽ അനുവദിച്ച 73 ലക്ഷം രൂപ 2202-03-103-55 എന്ന ശീർഷകത്തിലേക്ക് മാറ്റി നല്കിയിരുന്നു. ആയത് ട്രഷറി ക്യൂ ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനായും ബാക്കി വിവിധ കോളേജുകൾക്ക് പഠന യാത്രക്കുള്ള ധനസഹായ ത്തിനായി അനുവദിച്ച് നല്കിയിട്ടുണ്ട്.

കേരളത്തിലെ കോളേജുകളിൽ പാഠ്യപദ്ധതിയുടെ ഭാഗമായ പഠന യാത്ര even semester കളിലാണ് നടത്തുന്നത്. ആയതിനാൽ വിവിധ കോളേജുകളിൽ even semester ക്ലാസുകൾ ആരംഭിക്കുകയും സ്റ്റഡി ടൂർ പ്രോഗ്രാമുകൾ നടന്നുകൊണ്ടിരിക്കുകയുമാണ്.

[സർക്കാർ കത്ത് നമ്പർ എഫ്2/119/2018/ഉ.വി.വ., തീയതി 15-2-2019]

ഖണ്ഡികകൾ 40, 42, 8-5-2019-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.

<u>ശിപാർശ (ഖണ്ഡിക 43)</u>

2202-03-104-99—<u>ഡയറക്ട് പേമെന്റ് സിസ്റ്റത്തിൻ കീഴിൽ വരുന്ന ജീവനക്കാരുടെ ശമ്പളം</u>

യു.ജി.സി. സ്കീമിനനുസരിച്ച് പ്രൊമോഷൻ നടപ്പിലാക്കുകയാണെങ്കിൽ വരുന്ന അധിക ബാധ്യത പരിഹരിക്കുന്നതിന് 14 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ സർക്കാർ കോളേജ് അധ്യാപകർക്ക് യു.ജി.സി. ആറാം പദ്ധതി പ്രകാരം Placement/Promotion നൽകുന്നതിന് സർക്കാർ ഉത്തരവ് G.O. (Ms.) No. 28/2019/HEDN dated 11-2-2019 പ്രകാരം അനുമതി നൽകുകയുണ്ടായി. കുടിശ്ശിക 2019-20 സാമ്പത്തികവർഷം മുതൽ നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

[സർക്കാർ കത്ത് നമ്പർ HEDN-C3/6/2019-HEDN നമ്പർ കത്ത്.]

20-6-2019-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.

ശിപാർശ (ഖണ്ഡിക 45)

2202-03-107-91—ആർട്സ്, സയൻസ്, ട്രെയിനിംഗ് സംഗീത അക്കാഡമി കോളേജുകളിലെ അന്ധ വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ

അപേക്ഷകരുടെ എണ്ണം അധികമായതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018 ആഗസ്റ്റ് മാസം കേരളത്തിൽ ഉണ്ടായ മഹാപ്രളയംമൂലം സർക്കാർ വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയും അടിയന്തര മേഖലകൾ ഒഴിച്ചുള്ള മേഖലകളിലെ ഫണ്ട് വിനിയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ഉണ്ടായി. ഈ സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത അധിക തുക സർക്കാരിൽ നിന്ന് ആവശ്യപ്പെടാതെ ബഡ്ജറ്റിൽ അനുവദിച്ച തുക ഉപയോഗിച്ച് സ്കോളർഷിപ്പ് വിതരണം ചെയ്യുകയും ചെയ്തു. അധികമായി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക 46)

2202-03-107-90—ജില്ലാതലത്തിൽ ആദ്യത്തെ അഞ്ച് റാങ്ക് കിട്ടുന്ന പ്രീഡിഗ്രി, ഡിഗ്രി, പോസ്റ്റ് ഗ്രാഡ്വേറ്റ് വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പ് നൽകുന്നതിന്

സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഡിഗ്രി/പി.ജി. പഠനത്തിന് പ്രതിവർഷം 5000 രൂപ നൽകുന്നതിനായി 25 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018 ആഗസ്റ്റ് മാസം കേരളത്തിൽ ഉണ്ടായ മഹാപ്രളയംമൂലം സർക്കാർ വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയും അടിയന്തര മേഖലകൾ ഒഴിച്ചുള്ള മേഖലകളിലെ ഫണ്ട് വിനിയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ഉണ്ടായി. ഈ സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത അധിക തുക സർക്കാരിൽ നിന്ന് ആവശ്യപ്പെടാതെ ബഡ്ജറ്റിൽ അനുവദിച്ച തുക ഉപയോഗിച്ച് സ്കോളർഷിപ്പ് വിതരണം ചെയ്യുകയും ചെയ്തു. അധികമായി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക 47)

2202-03-107-87—കോളേജ് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

മുന്നാക്ക വിഭാഗത്തിലുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന ഈ പദ്ധതിയിൽ അപേക്ഷകരുടെ എണ്ണം വളരെ അധികമായതിനാൽ 1.4 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018 ആഗസ്റ്റ് മാസം കേരളത്തിൽ ഉണ്ടായ മഹാപ്രളയംമൂലം സർക്കാർ വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയും അടിയന്തര മേഖലകൾ ഒഴിച്ചുള്ള മേഖലകളിലെ ഫണ്ട് വിനിയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ഉണ്ടായി. ഈ സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത അധിക തുക സർക്കാരിൽ നിന്ന് ആവശ്യപ്പെടാതെ ബഡ്ജറ്റിൽ അനുവദിച്ച തുക ഉപയോഗിച്ച് സ്കോളർഷിപ്പ് വിതരണം ചെയ്യുകയും ചെയ്തു. അധികമായി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക 48)

2202-03-107-79—സാമൂഹ്യശാസ്ത്ര, ഭാഷാ അധ്യാപകർക്ക് സർവ്വകലാശാലകളിലും കേരളത്തിന് പുറത്ത് സെന്ററുകളിലും ഗവേഷണം നടത്തുന്നതിനുള്ള സ്കോളർഷിപ്പ്

സമൂഹത്തിന് പ്രയോജനകരമാകുന്ന വിധം സ്കോളർഷിപ്പ് പദ്ധതി പരിഷ്കരിക്കുന്നതിനായി 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 ബഡ്ജറ്റ് വിഹിതം പ്രഖ്യാപിച്ചപ്പോൾ 50 ലക്ഷം രൂപ മുഴുവനായി പ്രാദേശിക പ്രാധാന്യമുള്ള വിഷയങ്ങളിൽ ഗവേഷണത്തിനായി സ്കോളർഷിപ്പ് നൽകുന്നതിനായി 2202-03-107-79 എന്ന ശീർഷകത്തിൽ സർക്കാർ വകയിരുത്തിയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ (ഖണ്ഡിക 50)

2202-05-800-97—ഹിന്ദി സംസാരഭാഷയല്ലാത്ത സംസ്ഥാനങ്ങളിൽ നിന്നുള്ള പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഹിന്ദി പഠിക്കുന്നതിനുള്ള ഇന്ത്യാ ഗവൺമെന്റ് സ്കോളർഷിപ്പ് നൽകുന്നത്

വിദ്യാർത്ഥികളുടെ എണ്ണം കൂടുതലായതിനാലും മുൻവർഷത്തെ തുക അപര്യാപ്തമായിരുന്നതിനാലും 5 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2018 ആഗസ്റ്റ് മാസം കേരളത്തിൽ ഉണ്ടായ മഹാപ്രളയംമൂലം സർക്കാർ വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയും അടിയന്തര മേഖലകൾ ഒഴിച്ചുള്ള മേഖലകളിലെ ഫണ്ട് വിനിയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ഉണ്ടായി. ഈ സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത അധിക തുക സർക്കാരിൽ നിന്ന് ആവശ്യപ്പെടാതെ ബഡ്ജറ്റിൽ അനുവദിച്ച തുക ഉപയോഗിച്ച് സ്കോളർഷിപ്പ് വിതരണം ചെയ്യുകയും ചെയ്തു. അധികമായി സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടിരുന്നില്ല.

<u>ശിപാർശ (ഖണ്ഡിക 52)</u>

2202-80-004-85—<u>കൈരളി റിസർച്ച് അവാർഡ്സ്</u>

ഗവേഷണ പ്രവർത്തനങ്ങളിൽ മികവുപുലർത്തുന്ന വിദ്യാർത്ഥികൾക്ക് അവാർഡുകൾ നൽകുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്ക് 65 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധികമായി സമിതി ശിപാർശ ചെയ്ത തുക 2018-19-ൽ ആവശ്യപ്പെട്ടിട്ടില്ലാത്തതാണ്.

[സർക്കാർ കത്ത് നമ്പർ 27-5-2019-ലെ സി2/131/18/ഉ.വി.വ. നമ്പർ കത്ത്]

ഖണ്ഡികകൾ 45-48, 50, 52, 20-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു.

<u>ശിപാർശ (ഖണ്ഡിക 57)</u>

2203-00-102-99—<u>കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല (കസാറ്റ്)</u>

ശമ്പള പരിഷ്കരണ കടിശ്ശിക, യു.ജി.സി. പെൻഷൻ കടിശ്ശിക, ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ, പുതുതായി നിയമനം ലഭിച്ചവർക്ക് ശമ്പളം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 26.78 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുക എന്ന ലക്ഷ്യം മുൻ നിർത്തി വിഭാവനം ചെയ്തിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും സമയബന്ധിതമായി നടത്തുന്നതിനും വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനുമായി പദ്ധതിയിനത്തിൽ 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയ സാഹചര്യത്തിൽ അധിക തുകയ്ക്കുള്ള ശിപാർശയിൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല.

[സർക്കാർ കത്ത് നമ്പർ 18-6-2019-ലെ ബി1/188/2018/ഉ.വി.വ. നമ്പർ കത്ത്]

20-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു

<u>ശിപാർശ (ഖണ്ഡിക 61)</u>

2203-00-104-95-31—<u>വ്യാവസായിക സ്കൂളുകൾ-സഹായധനം</u>

സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ സ്കൂളുകളിലെ അധ്യാപകർക്ക് മുൻവർഷത്തെ കുടിശ്ശിക ഉൾപ്പെടെ ഗ്രാന്റ്-ഇൻ-എയ്ഡും ഉത്സവബത്തയും അനുവദിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

26-3-2018-ലെ സ.ഉ. (സാധാ.) നമ്പർ 2572/2018/ധന. പ്രകാരം ടി പദ്ധതിക്ക് അഡീഷണൽ ഓതറൈസേഷൻ മുഖേന 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 6-6-2019-ലെ ജെ.1/177/2018/ഉ.വി.വ.]

20-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു

<u>ശിപാർശ (ഖണ്ഡിക 73)</u>

2204-00-102-76—<u>ദേശീയ റിപ്പബ്ലിക് പരേഡിൽ പങ്കെടുക്കുന്നതിനായുള്ള നാഷണൽ സർവ്വീസ് സ്കീം വോളന്റിയേഴ്സിനുള്ള സഹായം</u>

2016-17 സാമ്പത്തികവർഷം മുതൽ സംസ്ഥാന ബജറ്റിൽ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കുന്ന എൻ.എസ്.എസ്. വോളണ്ടിയർമാർക്ക് ട്രാക്ക് സ്യൂട്ട് വാങ്ങുന്നതിന് സംസ്ഥാന സർക്കാരിന്റെ വകയായി 60,000 രൂപ അനുവദിച്ചുവരുന്നു. ആയതിനാൽ 2018-19 സാമ്പത്തികവർഷവും 60,000 രൂപ അനുവദിച്ച് നൽകുന്നതിനും സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസിലെ ഔദ്യോഗിക വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവറുടെ ശമ്പളം നൽകുന്നതിനും വാഹനത്തിന്റെ ഇന്ധന ചെലവിനായും സ്റ്റേറ്റ് എൻ.എസ്.എസ്. അവാർഡ് വിതരണ നടത്തിപ്പിനായും 7 ദിവസത്തെ നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ് നടത്തുന്നതിനും പദ്ധതിയേതര ഇനത്തിൽ 15.09 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തികവർഷം മുതൽ എൻ.എസ്.എസ്സിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക 100% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെലവഴിക്കുന്നതെന്നും, കേന്ദ്ര സർക്കാർ DBT സിസ്റ്റം മുഖേന സ്റ്റേറ്റ് എൻ.എസ്സ്.എസ്സ്. ഓഫീസറുടെ അക്കൗണ്ടിലേയ്ക്കാണ് തുക നൽകുന്നതെന്നും, എൻ.എസ്.എസ്സ്. സെല്ലിന്റെ പ്രവർത്തന ചെലവുകളും 100% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെട്ടതായതിനാൽ എൻ.എസ്.എസ്സിന്റെ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് പദ്ധതിയേതര വിഹിതം അനുവദിക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനം ആവശ്യമാണെന്നും മേൽ ഖണ്ഡികയ്ക്കുള്ള മറുപടിയായി സബ്ജക്ട് കമ്മിറ്റിയ്ക്ക് ധനകാര്യ വകുപ്പിൽ നിന്നും നൽകിയിട്ടുള്ള വിവരം ആ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എൻ1/166/2018/ഉ.വി.വ. തീയതി 18-9-2018)

31-10-2018-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.

<u>ശിപാർശ (ഖണ്ഡിക 74)</u>

2204-00-104-29—<u>സ്പോർട്സ് നടത്തിപ്പിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിനും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനുമുള്ള സഹായം</u>

നിലവിലുള്ള എല്ലാ കോളേജുകളിലേയും കുട്ടികൾക്ക് കായിക പരിശീലന വിദ്യാഭ്യാസത്തിന് തുക നല്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിനായി 2204-00-104-29 എന്ന ശീർഷകത്തിൽ 45 ലക്ഷം രൂപ 2018-19 സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. മേൽ തുക വിവിധ കോളേജുകൾക്ക് കായിക പരിശീലനത്തിനായി നല്കിയിട്ടുമുണ്ട്. കേരളത്തിലെ കോളേജുകളിൽ അക്കാദമികവർഷം ജൂൺ മാസത്തിൽ ആരംഭിക്കുമെങ്കിലും പുതിയ വിദ്യാർത്ഥികളുടെ അഡ്മിഷനും മറ്റും പൂർത്തിയായി

അക്കാദമിക് ക്ലാസ്സുകൾ ആരംഭിക്കുന്നത് സെപ്റ്റംബർ മാസമാണ്. അതിന് ശേഷമാണ് കോളേജുകളിൽ കായിക പരിശീലന പരിപാടികൾ നടന്നു വരുന്നത്. നിലവിൽ കോളേജിൽ ആയതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

[സർക്കാർ കത്ത് നമ്പർ എഫ് 2/119/2018/ഉ.വി.വ., തീയതി 15-2-2019 ]

8-5-2019-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.

<u>ശിപാർശ (ഖണ്ഡിക 75)</u>

2205-00-101-99—<u>സംഗീത കോളേജുകൾ</u>

നാല് സംഗീതകോളേജുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ ജീവനക്കാരുടെ ശമ്പളവും യാത്രാബത്തയും നൽകുന്നതിനായി 42.07 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും നിർദ്ദേശമൊന്നും ലഭിക്കാത്തതിനാൽ അധിക തുക അനുവദിച്ച് നൽകിയിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 76)</u>

2205-00-102-81—<u>സംഗീത കോളേജുകളുടെ യുവജനോത്സവം</u>

വിഹിതം നാലു കോളേജുകൾക്കായി വീതിച്ച് നൽകേണ്ടതിനാൽ 75,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിർദ്ദേശമൊന്നും ലഭിക്കാത്തതിനാൽ അധിക തുക അനുവദിച്ച് നല്കിയിട്ടില്ല.

[സർക്കാർ കത്ത് നമ്പർ 3-6-2019-ലെ സി1/114/2018-ഉ.വി.വ.]

ഖണ്ഡികകൾ 75, 76 —20-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു.

ശിപാർശ (ഖണ്ഡിക 77)

2205-00-105-99—കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ

ലൈബ്രറിയുടെ കമ്പ്യൂട്ടർവത്കരണത്തിന് തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 85 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ആസ്ഥാന മന്ദിര നിർമ്മാണം, ലൈബ്രറികൾക്കുള്ള ഗ്രാന്റ് വർദ്ധനവ്, ലൈബ്രേറിയൻ അലവൻസ് വർദ്ധനവ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 69.5 കോടി രൂപ കൂടി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ട്രഷറി അക്കൗണ്ടുകളിൽ നിന്ന് 2017-18 സാമ്പത്തിക വർഷം തിരികെ പിടിച്ചതും, 2018-19-ലെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്ന് റിലീസ് ചെയ്തു നൽകിയതുമായ 21.7513 കോടി രൂപയ്ക്ക് 9-11-2018-ലെ G.O. (Rt.) No. 9294/2018/Fin. പ്രകാരം അധിക ധനാനുമതി നൽകുകയും ടി തുക അനുവദിച്ചു നൽകുകയും ചെയ്തതിനാൽ സമിതി ശിപാർശ ചെയ്ത അധികതുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

[സർക്കാർ കത്ത് നമ്പർ 12-6-2019-ലെ എ 2/117/2018/ഉ.വി.വ.]

20-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു.

ശിപാർശ (ഖണ്ഡിക 78)

2205-00-105-96—ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ്

ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിപ്പ് തുക സർക്കാർ വർദ്ധിപ്പിച്ചതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 12,350 രൂപകൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിപ്പ് തുക സർക്കാർ വർദ്ധിപ്പിച്ച സാഹചര്യത്തിൽ അധികമായി ചെലവഴിക്കേണ്ടതായി വന്ന 12,350 രൂപ, 2205-00-105-97-01-5—other allowances (non plan) ശീർഷകത്തിൽ നിന്നും ചെലവഴിച്ചതിനാൽ സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചില്ല.

[സർക്കാർ കത്ത് നമ്പർ 1-6-2019-ലെ എ 1/181/2018/ഉ.വി.വ.]

20-6-2019-ലെ യോഗം അംഗീകരിച്ചു.

ശിപാർശ (ഖണ്ഡിക 83)

4202-01-203-99—ലോ കോളേജുകൾ ഉൾപ്പെടെ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണം

വിവിധ സർക്കാർ ലോ കോളേജുകൾ ഉൾപ്പെടെ വിവിധ കോളേജുകളുടെ ഹോസ്റ്റൽ നിർമ്മാണം പുരോഗമിക്കുന്നതിനാൽ 60.10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19-ൽ അധികമായി സമിതി ശിപാർശ ചെയ്ത തുക ഹോസ്റ്റൽ നിർമ്മാണത്തിന് ആവശ്യപ്പെട്ടിട്ടില്ലാത്തതാണ്.

[സർക്കാർ കത്ത് നമ്പർ 27-5-2019-ലെ സി2/131/18/ഉ.വി.വ.]

20-6-2019-ലെ യോഗം അംഗീകരിച്ചു.

## പൊതുമരാമത്ത് വകുപ്പ്

ശിപാർശ (ഖണ്ഡിക 100)

4202-02-800-95—ഐ.ടി.ഐ. കെട്ടിടങ്ങളുടെ മരാമത്ത് പണികൾ

ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആവശ്യമായി വരുന്ന മുറയ്ക്ക് 22.81 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19-ൽ ടി ശീർഷകത്തിലെ ചെലവ് 6.64 കോടി രൂപയാണ്. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ആവശ്യം വന്ന തുക അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 102)

4202-02-800-87—ഐ.ടി.ഐ.കളിൽ സ്ത്രീകൾക്കായി ഹോസ്റ്റൽ നിർമ്മാണം

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആവശ്യമായി വരുന്ന മുറയ്ക്ക് 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19-ൽ ടി ശീർഷകത്തിലെ ചെലവ് 33.69 ലക്ഷം രൂപയാണ്. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ആവശ്യം വന്ന തുക അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ ഇ 3/516/2018/പൊ.മ.വ. തീയതി, 24-5-2019]

ഖണ്ഡികകൾ 100, 102 —20-6-2019-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

ശിപാർശ (ഖണ്ഡിക 103)

4202-03-800-91—എൻ.സി.സി. കെട്ടിട നിർമ്മാണം

തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ എൻ.സി.സി.-ക്ക് ഓഫീസ് കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 സാമ്പത്തികവർഷം 4202-03-800-91 എന്ന ശീർഷകത്തിൽ ഭരണാനുമതി ലഭിച്ച 737 ലക്ഷം രൂപയുള്ള നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിക്കുകയോ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ ഹാജരാക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ 1-6-2019-ലെ എ 2/118/2018/ഉ.വി.വ.]

20-6-2019-ലെ യോഗം അംഗീകരിച്ചു

## സാംസ്കാരികകാര്യ വകുപ്പ്

ശിപാർശ (ഖണ്ഡിക 104)

4202-04-101-97—നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി (എൽ.എ.സി.എ.ഡി.എസ്.)

ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമെ ആവശ്യം വരുന്ന പക്ഷം 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം ജവഹർ ബാലഭവനിൽ കുട്ടികളുടെ തീയേറ്റർ നിർമ്മിക്കുന്നതിന് എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2018-19 സാമ്പത്തികവർഷം അധിക തുക അനുവദിച്ച് നൽകിയിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 105)</u>

2202-05-102-98—<u>സംസ്ഥാന സർവ്വ വിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം</u>

2018-19 സാമ്പത്തിക വർഷത്തിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യം, ഡി.എ. കുടിശ്ശിക എന്നിവ നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുകൊണ്ട് പോകുന്നതിനും പദ്ധതിയേതരയിനത്തിൽ 4.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശിപാർശ (ഖണ്ഡിക 106)

2202-05-102-97—<u>സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്</u>

ജീവനക്കാരുടെ ശമ്പളവും മറ്റും നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1.5945 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശിപാർശ (ഖണ്ഡിക 107)

2202-05-102-96—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ സ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതിയിനത്തിൽ 3 കോടി രൂപയും ദിവസ-കരാർ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം നൽകുന്നതിനും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനുമായി പദ്ധതിയേതര ഇനത്തിൽ 3 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശിപാർശ (ഖണ്ഡിക 108)

2202-05-102-92—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി-ധനസഹായം

കേരള ബുക്ക് മാർക്കറ്റിംഗ് സ്ഥാപനത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുസ്തക വില്പന പരമാവധി വർദ്ധിപ്പിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപയും, പദ്ധതിയേതരയിനത്തിൽ 1.5 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശിപാർശ (ഖണ്ഡിക 109)

2202-05-102-86—മലയാളം മിഷൻ

മലയാളം മിഷന്റെ പഠന കേന്ദ്രങ്ങൾ എല്ലായിടത്തും തുടങ്ങുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 6.11 കോടി രൂപയും ജീവനക്കാരുടെ ശമ്പളവും മറ്റ് ഓഫീസ് ചെലവുകളും തടസ്സം കൂടാതെ നടത്തുന്നതിനായി പദ്ധതിയേതരയിനത്തിൽ 1.01 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മലയാളം മിഷനിലെ ജീവനക്കാരുടെ ശമ്പളം, യാത്രാചെലവുകൾ, കെട്ടിടവാടക മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി 3-1-2019-ലെ സ.ഉ. (സാധാ.) നമ്പർ 08/2019/ സാം.കാ.വ. പ്രകാരം 49,70,000 രൂപ അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 110)</u>

2205-00-101-97—<u>കേരള കലാമണ്ഡലം</u>

പദ്ധതിയിന ചെലവുകളിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാൽ നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പദ്ധതിയിനത്തിൽ 32.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പദ്ധതിയിതര ചെലവുകളിൽ കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകേണ്ടതിനാലും പദ്ധതിയേതര ഇനത്തിൽ 12.42 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയിലെ ജീവനക്കാർക്കും അധ്യാപകർക്കും ശമ്പളം നൽകുന്നതിനായി 5-3-2019-ലെ സ.ഉ. (സാധാ.) നമ്പർ 98/2019/സാം.കാ.വ. പ്രകാരം 2205-00-101-97-31 (NP) എന്ന ശീർഷകത്തിൽ 1,50,00,000 രൂപ അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 111)</u>

2205-00-101-96—<u>ജവഹർ ബാലഭവൻ</u>

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ബാലഭവനുകളുടെ വിവിധ പദ്ധതി വികസന പ്രവർത്തനങ്ങൾക്കായും ജീവനക്കാരുടെ ശമ്പളത്തിനാവശ്യമായ തുക വകയിരുത്തുന്നതിനുമായി പദ്ധതിയേതര ഇനത്തിൽ 5 കോടി രൂപയും തിരുവനന്തപുരം ബാലഭവന് മാത്രമായി പദ്ധതിയിനത്തിൽ 2.0314 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം ജവഹർ ബാലഭവനിലെ ജീവനക്കാരുടെ ശമ്പളം അനുവദിക്കുന്നതിന് 6-3-2019-ലെ സ.ഉ. (സാധാ.) നമ്പർ 102/2019/സാം.കാ.വ. പ്രകാരം അധികമായി

50 ലക്ഷം രൂപ 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിക്കുകയുണ്ടായി. കൂടാതെ ടി ബാലഭവനിലെ ചുറ്റുമതിൽ നിർമ്മാണത്തിന് 2018-19 സാമ്പത്തിക വർഷം 27-3-2019-ലെ സ.ഉ. (എംഎസ്.) നമ്പർ 10/2019/സാം.കാ.വ. പ്രകാരം അധികമായി 1,95,12,000 രൂപയും അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 112)

2205-00-102-97-36—കേരള സാഹിത്യ അക്കാദമി ധനസഹായം-സഹായധനം-ശമ്പളേതരം

കേരള സാഹിത്യ അക്കാദമി വിഭാവനം ചെയ്യു പദ്ധതികളുടെ സമഗ്രമായ നടത്തിപ്പിനും വിവിധ നവീകരണ പ്രവർത്തനങ്ങൾക്കും മൺമറഞ്ഞ സാഹിത്യകാരന്മാരുടെ സ്മാരകങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്കുമായി 1.6 കോടി രൂപ പദ്ധതിയിനത്തിലും ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 1.2 കോടി രൂപ പദ്ധതിയേതര ഇനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശിപാർശ (ഖണ്ഡിക 113)

2205-00-102-91-36—കേരള ലളിതകലാ അക്കാദമി-സഹായധനം

കണ്ണൂർ കാക്കണ്ണൻപാറ കലാഗ്രാമ വികസനത്തിനും കിളിമാനൂരിൽ രാജാരവിവർമ്മ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 1.7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

<u>ശിപാർശ (ഖണ്ഡിക 114)</u>

2205-00-102-90—<u>കേരള സംഗീത നാടക അക്കാദമി</u>

അക്കാദമിക്ക് കീഴിലുള്ള ഭരത് മുരളി പുരസ്കാരങ്ങ്, കെ.ടി.മുഹമ്മദ് സ്മാരക തിയേറ്റർ, നാട്യഗൃഹം, ആർട്ടിസ്റ്റ് കോളേജ് എന്നിവ അന്താരാഷ്ട്ര നാടകോത്സവത്തിന് ഉതകുന്നവിധം അറ്റകുറ്റ പണികൾ നടത്തുന്നതിനും, ആർക്കൈവ്സിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കും അക്കാദമി വജ്രജൂബിലി ആഘോഷങ്ങൾക്കുമായി പദ്ധതിയിനത്തിൽ 2 കോടി രൂപയും ജീവനക്കാരുടെ വേതനത്തിനും അക്കാദമി അംഗങ്ങൾക്കുള്ള സിറ്റിംഗ്ഫീസ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ, വാഹന ഇന്ധനം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള തുക കാലാനുസൃതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പദ്ധതിയേതരയിനത്തിൽ 1.02 കോടി രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല

<u>ശിപാർശ (ഖണ്ഡിക 115)</u>

2205-00-102-87-36—<u>നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം-സഹായധനം-ശമ്പളേതരം</u>

നിലവിൽ പ്രസ്തുത പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനായി ടി ശീർഷകത്തിൽ 1.2 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം അനുവദിക്കുന്നതിനായി 6-2-2019-ലെ സ.ഉ (സാധാ.) നമ്പർ 925/2019/ധന. പ്രകാരം 1,15,80,000 രൂപ അധിക ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 116)</u>

2205-00-102-86—<u>മാർഗി</u>

കൂടിയാട്ടത്തിന്റെ പരിപോഷണത്തിനും വർണ്ണാഭമായ വേഷവിധാനങ്ങൾ, വാദ്യോപകരണങ്ങൾ എന്നീ ചെലവുകൾക്കും കലാകാരന്മാർക്ക് വിദഗ്ധ പരിശീലനത്തിനും

മാർഗി പ്രവർത്തിക്കുന്ന കെട്ടിടത്തിലെ വെള്ളക്കര കുടിശ്ശിക അടച്ചുതീർക്കുന്നതിനുമായി 25 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല

<u>ശിപാർശ (ഖണ്ഡിക 117)</u>

2205-00-102-82-36—<u>തിരുവനന്തപുരം ഭാരത് ഭവൻ-സഹായധനം-ശമ്പളേതരം</u>

ദേശീയവിവർത്തന ശിബിരം, ട്രാൻസ് ഗ്ലോബൽ ഫെസ്റ്റ്, വാമൊഴി വഴക്കം തുടങ്ങിയ വിവിധ പദ്ധതി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 46 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവക്കായി പദ്ധതിയേതരയിനത്തിൽ 31.68 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം ഭാരത് ഭവനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ 6-3-2019-ലെ സ.ഉ. (സാധാ.) നമ്പർ 104/2019/ സാം.കാ.വ. പ്രകാരം 2205-00-102-82-36 (NP) എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ അധിക ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 118)</u>

2205-00-102-80—<u>നാട്ടരങ്ങ്</u>

പദ്ധതിയുടെ ആദ്യ വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ ചുരുങ്ങിയത് 250 നാട്ടരങ്ങുകളെങ്കിലും സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 3.25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല

<u>ശിപാർശ (ഖണ്ഡിക 119)</u>

2205-00-102-78—<u>എഴുത്തച്ഛൻ പുരസ്കാരം</u>

മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയ ഗുരുസ്ഥാനീയരായ സാഹിത്യകാരന്മാരെ ആദരിക്കുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള എഴുത്തച്ഛൻ പുരസ്കാര തുക 1.50 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 3.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയ ഗുരുസ്ഥാനീയരായ സാഹിത്യകാരന്മാരെ ആദരിക്കുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള എഴുത്തച്ഛൻ പുരസ്കാര തുക 1.50 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നതിനാൽ 29-5-2018-ലെ സ.ഉ. (സാധാ.) നമ്പർ 4583/2018/ധന. പ്രകാരം 2205-00-102-78 എന്ന ശീർഷകത്തിൽ 3.50 ലക്ഷം രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 120)</u>

2205-00-102-76-36—<u>ഗുരു ഗോപിനാഥ് നടനഗ്രാമം-സഹായധനം-ശമ്പളേതരം</u>

നൃത്തമ്യൂസിയത്തെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അന്തർദ്ദേശീയ നൃത്തോത്സവം നടത്തുന്നതിനും, കലാശാല മന്ദിരം നിർമ്മിക്കുന്നതിനും 5.67 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്നും അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പളം നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾക്കുമായി പദ്ധതിയേതരയിനത്തിൽ 32.63 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഗുരു ഗോപിനാഥ് ദേശീയ നൃത്ത മ്യൂസിയം അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും, കലാലയ നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനും, നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഗുരുജി റോഡ് വീതി കൂട്ടുന്നതിനുമായി 27-12-2018-ലെ സ.ഉ. (സാധാ.) നമ്പർ 698/2018/സാം.കാ.വ. പ്രകാരം 4 കോടി രൂപ അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 121)

2205-00-102-75—കേരളത്തിൽ നടത്തുന്ന അന്തർദ്ദേശീയ ഫിലിം മേള

2205-00-102-66—കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി

അന്തർദ്ദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്ര മേള, മലയാള സിനിമയുടെ പ്രോത്സാഹനം എന്നിവയ്ക്കും മലയാള സിനിമയുടെ നവതി ആഘോഷങ്ങൾക്കുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 5.22 കോടി രൂപയും പദ്ധതിയേതരയിനത്തിൽ അന്തർദ്ദേശീയ ചലച്ചിത്രമേളയ്ക്കായി 47 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല

ശിപാർശ (ഖണ്ഡിക 122)

2205-00-102-74-36—കേരള നാടൻ കല അക്കാഡമി-സഹായധനം-ശമ്പളേതരം

കണ്ണപുരം കലാഗ്രാമത്തിൽ മ്യൂസിയം, ലൈബ്രറി എന്നിവയുടെ നിർമ്മാണം, കണ്ണൻപെരുവണ്ണാൻ സ്മാരക തെയ്യം കലാകേന്ദ്രത്തിന് കെട്ടിട നിർമ്മാണം, കലാഭവൻ മണി സ്മാരക ചാലക്കുടി സെന്ററിന്റെ പ്രവർത്തനം തുടങ്ങിയവയ്ക്കും മറ്റുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 13.45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല

ശിപാർശ (ഖണ്ഡിക 123)

2205-00-102-71—കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും

നാടൻ കലാകാരന്മാരുടെയും കൈത്തൊഴിലുകാരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് യുനെസ്കോ പോലുള്ള സംഘടനകളുടെ സഹായത്തോടെ റൂറൽ ആർട്ട് ഹബ്ബ് രൂപീകരിക്കുന്നതിനും ആദ്യഘട്ട പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല

ശിപാർശ (ഖണ്ഡിക 124)

2205-00-102-68-36—വാസ്തുവിദ്യാ ഗുരുകുലം-സഹായധനം-ശമ്പളേതരം

ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് പദ്ധതിയേതരയിനത്തിൽ 88.50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല

ശിപാർശ (ഖണ്ഡിക 125)

2205-00-102-63—മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി

മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയിലെ വികസന പ്രവർത്തനങ്ങൾക്കും മാപ്പിള കലാസാഹിത്യ പ്രവർത്തനങ്ങൾക്കുമായി ഈ സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 3.16 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല

<u>ശിപാർശ (ഖണ്ഡിക 126)</u>

2205-00-102-55—<u>കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം തോന്നയ്ക്കൽ</u>

കേന്ദ്രത്തിലെ വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിനായും വിവിധയിനം സാംസ്കാരിക പരിപാടികളുടെ സംഘാടനത്തിനായും കേന്ദ്രത്തിനായി സ്ഥലമേറ്റെടുത്തതിന് കോടതി വിധിയെത്തുടർന്ന് അഡീഷണൽ കോമ്പൻസേഷൻ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 3.14 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കലിൽ പ്രവർത്തിക്കുന്ന കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിപുലീകരണ പ്രവർത്തനങ്ങൾക്കായി ടി സ്ഥാപനവുമായി ചേർന്ന് കിടക്കുന്ന സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഒത്തുതീർപ്പ് വ്യവസ്ഥയായി ഉടമകൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനും കേസ്സുകൾ തീർപ്പാക്കുന്നതിനും 4-1-2019-ലെ സ.ഉ. (സാധാ.) നമ്പർ 10/2019/സാം.കാ.വ. പ്രകാരം 4202-04-800-94-02-പ്ലാൻ എന്ന ശീർഷകത്തിൽ 2,33,44,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 127)</u>

2205-00-102-40—<u>വൈലോപ്പിള്ളി സംസ്കൃതി ഭവൻ-(വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം)</u>

സ്ഥാപനത്തിന്റെ അടിസ്ഥാന വികസനത്തിനും വിവിധോദ്ദേശ്യ സാംസ്കാരിക ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുമായി പദ്ധതിയിനത്തിൽ 6.5 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 55 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

<u>ശിപാർശ (ഖണ്ഡിക 128)</u>

2205-00-102-34—<u>തിയേറ്റർ ഫെസ്റ്റിവൽ</u>

കഴിഞ്ഞ പത്ത് വർഷമായി കേരള സംഗീത നാടക അക്കാദമി പദ്ധതി ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്ന അന്താരാഷ്ട്ര നാടകോത്സവം സംഘടിപ്പിക്കുന്നതിനായി 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംഗീത നാടക അക്കാഡമിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അന്തർദ്ദേശീയ നാടകോത്സവത്തിന്റെ ചെലവുകൾക്കായി 29-12-2018-ലെ സ.ഉ. (സാധാ.) നമ്പർ 705/2018/സാം.കാ.വ. പ്രകാരം 50,00,000 രൂപ അധിക ധനസഹായമായും 29-12-2019-ലെ സ.ഉ. (സാധാ.) നമ്പർ 704/2018/സാം.കാ.വ. പ്രകാരം കേരള സംഗീത നാടക അക്കാഡമിയുടെ പദ്ധതി വിഹിതത്തിൽ നിന്നും 45,00,000 രൂപ കണ്ടെത്തുന്നതിനും അനുമതി നൽകിയതും ചേർത്ത് 95,00,000 രൂപ ടി പദ്ധതിയ്ക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 129)

2205-00-102-18—കേരള സംസ്കാരത്തിന്റെ വ്യാപനം

കേരളത്തിന്റെ തനത് സംസ്കൃതിയുടെ വ്യാപനം ലക്ഷ്യമാക്കിയും ഇതര സംസ്ഥാനങ്ങളിലും രാജ്യത്തിന് പുറത്തും സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കുന്നതിനും കേരള സംസ്കാരത്തിന്റെ വ്യാപനം എന്ന പദ്ധതിയുടെ തുടർച്ചയ്ക്കായി സാംസ്കാരിക വെബ്സൈറ്റിൽ അധികവിവരങ്ങൾ ചേർക്കുന്നതിനും വെബ്സൈറ്റിന്റെ പ്രചരണത്തിനും നടത്തിപ്പിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല

ശിപാർശ (ഖണ്ഡിക 130)

2205-00-103-89—പുരാവസ്തു-കെട്ടിടങ്ങൾ

സ്ഥലം വാങ്ങി ആസ്ഥാന മന്ദിരം പണിയുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശിപാർശ (ഖണ്ഡിക 131)

2205-00-103-85—പൈതൃക പഠന കേന്ദ്രം

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതി ചെലവുകൾക്കായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ പദ്ധതി-പദ്ധതിയേതരയിനങ്ങൾക്കായി 2018-19 വർഷത്തെ പദ്ധതിവിഹിതവും തനത് വരുമാനവും ഉൾപ്പെടെ ആകെ 19,41,800 രൂപ കണക്കാക്കുന്നു. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 57.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശിപാർശ (ഖണ്ഡിക 132).

2205-00-103-80—ജില്ലാതലത്തിലുള്ള പുരാവസ്തു/പൈതൃക മ്യൂസിയം

പഴശ്ശി കോവിലകം വാങ്ങുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശിപാർശ (ഖണ്ഡിക 133)

2205-00-107-99—ആർട്ട് മ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം

വാട്ടർ ചാർജ്ജിനത്തിൽ വന്ന കുടിശ്ശിക തീർക്കണമെന്നുള്ള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന് അധിക ഫണ്ട് ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആർട്ട് മ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയത്തിന്റെ വാട്ടർ ചാർജ്ജിനത്തിൽ വന്ന കുടിശ്ശിക തീർക്കണമെന്നുള്ള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന് 29-11-2018-ലെ സ.ഉ. (സാധാ.) നമ്പർ 9841/2018/ധന. പ്രകാരം 2205-00-107-99-05-(1) എന്ന ശീർഷകത്തിൽ 35,00,000 രൂപ അധിക ധനസഹായം അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 134)</u>

2205-00-107-93—<u>മ്യൂസിയങ്ങളുടെ ഗാലറികളുടെ നവീകരണവും മ്യൂസിയം കാമ്പസിന്റെ വികസനവും</u>

കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിൽ പെരളശ്ശേരി പഞ്ചായത്തിൽ എ.കെ.ജി. സ്മൃതി മ്യൂസിയവും സ്മാരകവും സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച അധികതുകയായ 10 കോടി രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിൽ പെരളശ്ശേരി പഞ്ചായത്തിൽ എ.കെ.ജി.സ്മൃതി മ്യൂസിയവും സ്മാരകവും സ്ഥാപിക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ ഭാഗമായി 2018-19 സാമ്പത്തികവർഷത്തിലെ ആദ്യ ബാച്ച് ഉപധനാഭ്യർത്ഥനയിൽ 2205-00-107-91—(പ്ലാൻ) എന്ന ശീർഷകത്തിൽ 1,000 രൂപ ടോക്കൺ ആയി വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിയ്ക്കായി സ്ഥലവും അടിസ്ഥാന സൗകര്യവും ലഭിക്കാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ അധിക തുകയൊന്നും വകയിരുത്തിയിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 135)</u>

4202-04-190-99—<u>കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ</u>

2205-00-102-65-33—<u>മലയാളചിത്രങ്ങൾക്കുള്ള സബ്സിഡി-സബ്സിഡികൾ</u>

കെ.എസ്.എഫ്.ഡി.സി.യുടെ ഉടമസ്ഥതയിലുള്ള കോഴിക്കോട് കൈരളി/ശ്രീ തിയേറ്ററിന് സമീപം പുതിയ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനും കോർപ്പറേഷന്റെ ഒറ്റപ്പാലത്തുള്ള സ്ഥലത്ത് ഒരു ഫിലിം കോംപ്ലക്സ് സ്ഥാപിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 7 കോടി രൂപയും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന ചിത്രങ്ങളുടെ എണ്ണം വർദ്ധിച്ചതിനാലും മുൻകാലങ്ങളിൽ നിർമ്മിച്ച ചിത്രങ്ങൾക്കുള്ള സബ്സിഡി കുടിശ്ശിക നൽകുന്നതിനുവേണ്ടിയും പദ്ധതിയേതരയിനത്തിൽ 4.6 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രളയദുരന്തം അതിജീവിക്കുന്നതിനായി കോടികളുടെ ചെലവ് വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

[സർക്കാർ കത്ത് നമ്പർ 30-5-2019-ലെ 93/എ 3/2018/സാം.കാ.വ.]

ഖണ്ഡികകൾ 104-135, 20-6-2019-ലെ യോഗത്തിൽ അംഗീകരിച്ചു.

654/2019.

## അദ്ധ്യായം II

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശിപാർശകൾ

| വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| പൊതു വിദ്യാഭ്യാസം | 79-82, 88 |
| ഉന്നത വിദ്യാഭ്യാസം | 41, 44, 49, 51, 53-56, 58-60, 62-72, 84-87, 89-99, 101 |
| കായിക യുവജനകാര്യം | 136-139 |

പ്രൊഫ. സി. രവീന്ദ്രനാഥ്,

*അദ്ധ്യക്ഷൻ,*

*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,

2019 ജൂൺ 20.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.